**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2767** **10-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതായി പോലീസ്, നിയമ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ) തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിചാരണയ്ക്ക് മാത്രമായി തിരുവനന്തപുരം, കൊല്ലം, പാലക്കാട്, മലപ്പുറം, വയനാട് തൃശ്ശൂർ, എറണാകുളം എന്നീ ഏഴ് ജില്ലകളിൽ സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചുവരുന്നു.<br><br>പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ) തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിന്മേൽ വകുപ്പ് തലത്തിലും ആഭ്യന്തര വകുപ്പ് മുഖേനയും സ്വീകരിച്ചിട്ടുള്ള സത്വര നടപടികളും അവയുടെ കാര്യക്ഷമതയും വിലയിരുത്തി അതിക്രമങ്ങൾ തടയുന്നതിനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുകയും കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തു വരുന്നു.<br><br>ഓരോ ജില്ലകളിലും രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ അന്വേഷണ പുരോഗതി വിലയിരുത്തുന്നതിനും ആശ്വാസധനസഹായം അനുവദിയ്ക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിനുമായി ജില്ലാ കളക്ടർ |

അധ്യക്ഷനായി ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതിക്കാർക്ക് നിയമ പരിരക്ഷ നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ജ്വാല നിയമസഹായ സെൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന തലത്തിൽ ഒരു ലീഗൽ അഡ്വൈസ്സർ, 2 ലീഗൽ അസിസ്റ്റന്റുമാർ എന്നിവരും ജില്ലാ തലത്തിൽ നിയമിതരായിരിക്കുന്ന 14 ലീഗൽ കൗൺസിലർമാർ എന്നിവരും ഉൾപ്പെടുന്നതാണ് ജ്വാല നിയമ സഹായ സെൽ. പട്ടികജാതിക്കാർക്ക് നിയമ പരിരക്ഷ, നിയമ അവബോധനം എന്നിവ നല്കുക എന്നത് ജ്വാല നിയമസഹായ സെല്ലിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്.

അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ വിവരങ്ങൾ നിയമസഹായ സെല്ല് മുഖേന ശേഖരിക്കുകയും ടി കേസുകളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് കോടതികളുമായി ബന്ധപ്പെട്ട് തയ്യാറാക്കുകയും നിയമ സഹായം ആവശ്യമായ കേസുകൾക്ക് സൗജന്യ നിയമ സഹായം നൽകുകയും ചെയ്തു വരുന്നു.

പട്ടികജാതിക്കാർക്കുള്ള പ്രത്യേക നിയമ പരിരക്ഷകളെക്കുറിച്ച് അവബോധം നൽകുന്നതിനായി നിയമസഹായ സെല്ലിന്റെ നേതൃത്വത്തിൽ വിവിധ ലോ കോളേജുകളുമായും ഇതര നിയമ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നിയമ ബോധവത്ക്കരണ സെമിനാറുകളും പഠന ക്യാമ്പുകളും സംഘടിപ്പിക്കുകയും പട്ടികജാതി നഗറുകൾ കേന്ദ്രീകരിച്ച് നിയമ ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ജില്ലാ പോലീസ് മേധാവി, സബ് ഡിവിഷൻ പോലീസ് ഓഫീസർ, സ്റ്റേഷൻ ഹൗസ് ഓഫീസർ തലത്തിൽ SC/ST മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും ടി കമ്മിറ്റികൾ മീറ്റിങ്ങുകൾ സംഘടിപ്പിച്ച് പരാതികൾ കേട്ട് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ പരാതിക്കാരായി വരുന്ന കേസുകളിൽ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ) തടയൽ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുകയും, ഡി വൈ എസ് പി റാങ്കിൽ ഉള്ള ഉദ്യോഗസ്ഥൻ അന്വേഷിച്ച് സമയബന്ധിതമായി കുറ്റപത്രം സമർപ്പിച്ച് കുറ്റക്കാർക്ക് മതിയായ ശിക്ഷ ഉറപ്പ് വരുത്തുന്നുണ്ട്.

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ പരാതിക്കാരായി വരുന്ന കേസുകളിൽ ഇരകളെ ഭീഷണിപ്പെടുത്തുകയോ അധിക്ഷേപിക്കുകയോ ചെയ്യുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അതിക്രമങ്ങൾ തടയുന്നതിനും സർവ്വോപരി അവരുടെ ക്ഷേമത്തിനും വേണ്ടി സ്പെഷ്യൽ മൊബൈൽ പോലീസ് സ്റ്റേഷനുകൾ (SMS Unit) സജീവമായി പ്രവർത്തിച്ചുവരുന്നു. കാര്യക്ഷമമായ പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവ നടത്തുകയും ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടേയും, ജനമൈത്രി സുരക്ഷാ ഉദ്യോഗസ്ഥരുടേയും സംയുക്ത ആഭിമുഖ്യത്തിൽ ബോധവത്ക്കരണ ക്ലാസ്സുകളും നൽകിവരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ട്രൈബൽ പ്രൊമോട്ടർ, ഊരുകൂട്ടം വോളന്റിയർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ, മെന്റർ ടീച്ചർ, ഫെസിലിറ്റേറ്റർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുകയും ആയത് പ്രകാരം പട്ടികവർഗ്ഗ നഗറുകളിൽ ബോധവൽക്കരണം നടത്തി വരികയും ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് അവബോധ ക്ലാസ്സുകൾ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ പോക്സോ കേസുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ കേസുകളിലെ പ്രതികൾക്ക് ലഭ്യമാകുന്ന ശിക്ഷയുടെ കാഠിന്യം എന്നിവയെക്കുറിച്ച് ബോധ്യപ്പെടുത്തുവാൻ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നു. വകുപ്പിന്റെ സാമൂഹ്യ പഠന മുറികളിൽ സംഘടിപ്പിക്കുന്ന പരിപാടികളിലും തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാചരണത്തിനു വകുപ്പ് നടത്തുന്ന മറ്റ് പരിപാടികളിലും പട്ടികവർഗ്ഗ വിഭാഗക്കാരുടെ സുരക്ഷിതത്വത്തിനുതകുന്ന ബോധവൽക്കരണ പരിപാടികൾ വർഷംതോറും സംഘടിപ്പിച്ചുവരുന്നു. |
| (സി) | അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആശ്വാസസഹായം വിതരണം ചെയ്യാറുണ്ടോ; വിശദമാക്കുമോ; | (സി) | അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതിക്കാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ) തടയൽ നിയമ പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾ വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | | | അനുവദിച്ചുവരുന്നു. ഇത്തരം കേസുകൾ ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് എഫ്.ഐ.ആർ, ചാർജ് ഷീറ്റ്, കൺവിക്ഷൻ എന്നീ മൂന്നു ഘട്ടങ്ങളിലും ആശ്വാസ ധനസഹായം സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | അതിക്രമങ്ങൾ നേരിടേണ്ടി വന്നവർക്ക് സർക്കാർ സർവീസിൽ നിയമനം നൽകാറുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഹീനമായ അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിക്കോ അല്ലെങ്കിൽ കുടുംബത്തിലെ ഒരംഗത്തിനോ സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ) തടയൽ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൊലപാതകം, റേപ്പ്, ഗ്യാങ്ങ് റേപ്പ് തുടങ്ങിയ ഹീനമായ കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നതിന്റെ ഭാഗമായി കുടുംബത്തിലെ വരുമാനസ്രോതസ്സ് ഇല്ലാതാകുന്ന കേസുകളിൽ ആശ്രിതർക്ക് ആശ്വാസ ധനസഹായത്തിനു പുറമേ മികച്ച പുനരധിവാസം ആവശ്യമാണെന്ന് ബോധ്യമാകുന്ന പക്ഷം ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ജോലി നൽകുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ